# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2326 08.07.2015-ൽ മറുപടിയ്ക്ക്**

## ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൈനർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) | ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയ്ക്ക് തുടക്കം കുറിച്ചത് . ഇതു വഴി മഴക്കാലത്ത് ലഭ്യമാകുന്ന അധിക ജലം സംഭരിച്ച് ജല ലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജല ശോഷണം തടഞ്ഞ് ഭൂഗർഭ ജല വിതരണം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയ്ക്കായി 2012 2013 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വിവിധ പഞ്ചായത്തുകളിലായി 354 കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് 72.758 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന പഞ്ചായത്തുകളിലും ഈ പദ്ധതി പ്രകാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (ബി) | 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം 163 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി കുളങ്ങളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഒരു കുളത്തിന്റെ നവീകരണത്തിന് പരമാവധി എത്ര തുക വരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കു ന്നതെന്നും വ്യക്തമാക്കാമോ? | (സി) | ഓരോ പഞ്ചായത്തിലും പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് അതാത് എം.എൽ. എമാർ ശുപാർശ ചെയ്യുന്ന കുളങ്ങളാണ് തിരഞ്ഞെടുക്കുന്നത്. കുളങ്ങളുടെ വിസ്തീർണ്ണം, അവസ്ഥ, ഉപയോഗം, ഫണ്ടിന്റെ ലഭ്യത മുതലായവ പരിഗണിച്ചാണ് നവീകര ണത്തിനുള്ള തുക നിശ്ചയിക്കുന്നത്. പ്രവൃത്തിക്കാവശ്യമായ തുകയ്ക്ക് പരി ധിയില്ല. |

**സെക്ഷൻ ഓഫീസർ**